പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ T. 337

14.10.2011 ൽ
മറുപടിയ്ക്ക്

## ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ ;<br>ശ്രീ. സണ്ണി ജോസഫ് ;<br>ശ്രീ. ലൂഡി ലൂയിസ് ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കാൻ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>ബി) ഇതിനോട് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു ; | (എ) ആന്റ് (ബി)<br><br>വിവര സാങ്കേതിക വിദ്യാരംഗത്ത് ആവശ്യമായിവരുന്ന വിദഗ്ധരെ വാർത്തെടുക്കുന്നതിനും ഐ.ടി. രംഗത്തെ ആഭ്യന്തര മാർക്കറ്റിനെ കൂടുതലായി ഉപയോഗിക്കുന്നതിനുമായി രാജ്യത്തൊട്ടാകെ 20 പുതിയ ഐ.ഐ.ഐ.ടി. കൾ തുടങ്ങുവാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ, ബന്ധപ്പെട്ട സംസ്ഥാന സർക്കാർ, ഇൻഡസ്ട്രി എന്നിവരുൾപ്പെട്ട ഒരു സംയുക്ത സംരംഭം എന്ന നിലയിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. മൂലധന ചെലവ് മേല്പറഞ്ഞവർ 50:35:15 എന്ന അനുപാതത്തിൽ വഹിക്കണമെന്നതാണ് കേന്ദ്ര സർക്കാർ തീരുമാനം. ഇതുപ്രകാരം സംസ്ഥാനത്ത് ഒരു ഐ.ഐ.ഐ.ടി. സ്ഥാപിക്കുവാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടായിരുന്നു. |
| സി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; | സി) കോട്ടയം ജില്ലയിലെ പാലയിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഇതിനുള്ള നടപടി എന്ന് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | ഡി) അനുയോജ്യമായ വ്യവസായ പങ്കാളിയെ കണ്ടെത്തുന്നതിനായി KSIDC യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറക്ക് പദ്ധതി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ